Draft #1 of File EG3/24169/21/DTE Approved by Director (in-charge) on 16-Aug-2021 06:18 PM - Page 1

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2018 മുതൽ 31.12.2019 വരെ കാലയളവിൽ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ / സീനിയോറിറ്റി ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

ജീവനകാര്യം (G) വിഭാഗം

നം: EG3/24169/21/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 16.08.2021

---

വായന:- 1. സർക്കുലർ നമ്പർ EG3/21037/20/DTE തീയതി 24.11.2020.
2. ശ്രീ സജികുമാർ വി പി സമർപ്പിച്ച 05.08.2021 ലെ അപേക്ഷ.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2018 മുതൽ 31.12.2019 വരെ കാലയളവിൽ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ / സീനിയോറിറ്റി ലിസ്റ്റ് വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

പയ്യോളി സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ ഷീറ്റ്മെറ്റൽ ട്രേഡിൽ ട്രേഡ്സ്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ സജികുമാർ വി പി എന്ന ജീവനക്കാരൻ, താൻ ഈ വകുപ്പിൽ ട്രേഡ്സ്മാൻ തസ്തികയിൽ 27.04.2007 ൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരനാണെന്നും താൻ ജോലി സംബന്ധമായി വിദേശത്തു പോകുന്നതിനായി ശൂന്യവേതനാവധിയിൽ ആയിരുന്നുവെന്നും അതിനു ശേഷം സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടുള്ളതിനാൽ തന്നെ ബന്ധപ്പെട്ട സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നും വായന 2 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ സജികുമാർ വി പി എന്ന ജീവനക്കാരൻറെ സേവന വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും, ടിയാൻ ഈ വകുപ്പിൽ 26.04.2007 ലെ EB3/25369/2006 നമ്പർ നടപടിക്രമം പ്രകാരം ട്രേഡ്സ്മാൻ (ഷീറ്റ്മെറ്റൽ) തസ്തികയിൽ തസ്തികമാറ്റ നിയമനം നേടി 27.04.2007 ൽ സേവനത്തിൽ പ്രവേശിച്ചിരുന്നുവെന്നും തുടർന്ന് 16.01.2008 മുതൽ 23.07.2019 വരെ കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം I അപ്പൻഡിക്സ് XII A പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നുവെന്നും തുടർന്ന് 24.07.2019 ൽ സേവനത്തിൽ തിരികെ പ്രവേശിച്ച് 24.07.2021 പ്രാബല്യത്തിൽ നിരീക്ഷണകാലം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമായിട്ടുള്ളതും അതുകൊണ്ട് തന്നെ വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ ഗ്രഡേഷൻ / സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുവാൻ യോഗ്യനാണെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ വായന 1 സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 01.01.2018 മുതൽ 31.12.2019 വരെ കാലയളവിൽ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ ഗ്രഡേഷൻ / സീനിയോറിറ്റി ലിസ്റ്റിൽ ഷീറ്റ്മെറ്റൽ ട്രേഡിൽ ക്രമനമ്പർ 2 ൽ പേര് ചേർക്കപ്പെട്ടിട്ടുള്ള ശ്രീ കൃഷ്ണദാസ് കെ ആർ എന്ന ജീവനക്കാരന് ശേഷം ക്രമനമ്പർ 3 ആയി ശ്രീ സജികുമാർ വി പി യെ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ലിസ്റ്റ് പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത അന്തിമ ഗ്രഡേഷൻ / സീനിയോറിറ്റി ലിസ്റ്റിൽ ടി ജീവനക്കാരൻറെ സ്ഥാനം ചുവടെ പറയുംപ്രകാരം ക്രമീകരിച്ചിട്ടുള്ളതും പ്രസ്തുത ലിസ്റ്റ് ഈ ഭേദഗതിയോടെ നിലനിൽക്കുന്നതുമായിരിക്കും.

| Final Gradation / Seniority List of Tradesman in various trades appointed during the period from 01.01.2018 to 31.12.2019<br>Addendum |
|---|

| Trade: Sheetmetal | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| Sl. No. | Name | Date of Birth | Qualifi-cation | Mode of Appoint-ment | Opted District | Date of Advice / Appoint-ment | Date of joining | Date of decla-ration of prob-ation | Remarks |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 3 | Sajikumar V P | 01/05/ 1970 | Diploma | By transfer | Kozhi-kode | 24/07/ 2019 (Date of joining on expiry LWA) | 24/07/ 2019 (27/04/ 2007) | 24/07/ 2021 | 1) Appointed as per Proceedings No. EB3/25369/2006 dated 26.04.2007 and joined on 27.04.2007. 2) LWA from 16.01.2008 to 23.07.2019 as per Appendix XII A, Part I, KSR vide G.O.(Rt) No. 1867/2007/H.Edn dated 06.11.2007, Proceedings No. EG5/16329/12/DTE dated 19.01.2013 and EB5/41637/17/DTE dated 03.01.2018. |

ഒപ്പ്/-

Dr. Byjubai T.P
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)
2. സൂപ്രണ്ട്, EB സെക്ഷൻ.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File EG3/24169/21/DTE Approved by Director (in-charge) on 16-Aug-2021 06:18 PM - Page 2